**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോവളം എം.എൽ.എ.യ്ക്ക് പോലീസ് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോവളം എം.എൽ.എ.യുടെ വാഹനം അടിച്ചുതകർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാഹനം തകർക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് കേസിൽ റിമാൻഡിൽ കഴിയുന്ന പ്രതി എം.എൽ.എ.യുടെ വാഹനം ഉൾപ്പെടെ രാഷ്ട്രീയ നേതാക്കന്മാരുടെ വാഹനങ്ങൾ അടിച്ചു തകർക്കുമെന്ന് സോഷ്യൽ മീഡിയയിലൂടെ പ്രചരണം നടത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തുകയോ പ്രചരണം നടത്തിയവരെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | MLA-യുടെ വാഹനം തകർക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് പ്രതിയായ സന്തോഷ് MLA-യുടെ വാഹനം ഉൾപ്പെടെ രാഷ്ട്രീയ നേതാക്കൻമാരുടെ വാഹനങ്ങൾ അടിച്ചു തകർക്കുമെന്ന് സോഷ്യൽ മീഡിയയിലൂടെ പ്രചാരണം നടത്തി യതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കൂട്ടിയ്ക്കൽ വില്ലേജിൽ ഏന്തയാൾക്കരയിൽ കല്ലുപുരയ്ക്കൽ വീട്ടിൽ ഷംസുദ്ദീൻ മകൻ ജീമോൻ 26.02.2022 ൽ മുല്ലപ്പെരിയാർ വിഷയത്തിന്മേൽ സെക്രട്ടറിയേറ്റ് നടയിൽ നിരാഹാരം കിടന്നപ്പോൾ ഈ കേസിലെ പ്രതിയായ സന്തോഷ്, ജീമോന്റെ അടുക്കലെത്തി ഫെയ്സ് ബുക്ക്ലൈവിലൂടെ "നിങ്ങൾ ഇങ്ങനെയല്ല സമരം ചെയ്യേണ്ടത് ,MLA-മാരുടെ വാഹനങ്ങൾ അടിച്ചു പൊട്ടിച്ചാൽ മാത്രമേ സമരം ശ്രദ്ധിക്കപ്പെടുകയുള്ളൂ"എന്നും പറയുകയുണ്ടായി. കേസന്വേഷണത്തിന്റെ ഭാഗമായി ജീമോന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോവളം എം.എൽ.എ.യ്ക്ക് മുഴുവൻ സമയവും പോലീസ് സംരക്ഷണം നൽകാൻ തയ്യാറാകുമോ? | (സി) | ബഹുമാനപ്പെട്ട കോവളം എം.എൽ.എ യ്ക്ക് പോലീസ് സംരക്ഷണം ആവശ്യമായ സാഹചര്യം ഉണ്ടായാൽ അത്തരം ഘട്ടത്തിൽ പരിശോധിച്ച് ഉചിതനടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ